ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 17.08.2024**

## പ്രധാനവാർത്തകൾ

1. ഗ്ലോബൽ സൗത്തുമായി സഹകരിക്കാനുള്ള ഇന്ത്യയുടെ തീരുമാനത്തിന് ഊന്നൽ നൽകി പ്രധാനമന്ത്രി നരേന്ദ്ര മോദി. മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

2. യുവ ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ഡോക്ടർമാരുടെ സമരം തുടരുന്നു. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കാൻ സാധ്യമായതെല്ലാം ചെയ്യുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം.

3. ജനങ്ങൾക്ക് നീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള ക്രിമിനൽ നിയമങ്ങൾ റദ്ദാക്കിയതെന്ന് കേന്ദ്ര സഹമന്ത്രി അർജുൻ റാം മേഘ്വാൾ.

4. വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് 617 പേർക്ക് സംസ്ഥാന സർക്കാർ അടിയന്തര ധനസഹായം കൈമാറി; വയനാടിനായി പ്രത്യേക വിദ്യാഭ്യാസ അദാലത്ത് സംഘടിപ്പിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി.

5. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവരണമെന്നാണ് സർക്കാരിന്റെ ആവശ്യമെന്നും കോടതി പറയുന്നത് അനുസരിക്കുമെന്നും മന്ത്രി സജി ചെറിയാൻ.

6. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

**************************************

## വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത്

ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങൾ ഒരേ ശബ്ദത്തിൽ ഒരുമിച്ച് നിൽക്കാൻ ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഗ്ലോബൽ സൗത്തുമായി സഹകരിക്കാനുള്ള ഇന്ത്യയുടെ തീരുമാനം പ്രധാനമന്ത്രി വ്യക്തമാക്കി. വ്യാപാരം, സമഗ്ര വികസനം, സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പുരോഗതി, സ്ത്രീകൾ നയിക്കുന്ന വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയും അദ്ദേഹം എടുത്തുപറഞ്ഞു. മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയ്ക്ക് ഇന്ത്യയാണ് ആതിഥ്യമരുളുന്നത്.

**************************************

RNU TVPM

## കർഷക ദിനം : മുഖ്യമന്ത്രി

വയനാട്ടിലുണ്ടായ ദുരന്തത്തിൻറെ അടിസ്ഥാന കാരണം കാലാവസ്ഥാ വ്യതിയാനമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കർഷകദിനത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി. കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയിലുണ്ടാക്കുന്ന ആഘാതത്തെ കുറിച്ചും അത് മറികടക്കാനുള്ള പ്രവർത്തനങ്ങളെ കുറിച്ചുമാകണം ഈ ഘട്ടത്തിൽ പ്രധാനമായും നാം ചർച്ച ചെയ്യേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു. കർഷക ദിനാചരണത്തോടനുബന്ധിച്ച് 2023 ലെ കർഷക പുരസ്കാര വിതരണവും കൃഷിവകുപ്പിൻറെ കാർഷിക സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ കതിർ ആപ്പിൻറെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. മന്ത്രി പി. പ്രസാദ് അധ്യക്ഷത വഹിച്ചു.

***********************************

## അടിയന്തരധനസഹായം

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് സർക്കാർ പ്രഖ്യാപിച്ച അടിയന്തര ധനസഹായമായ പതിനായിരം രൂപ കൈമാറി. 617 പേർക്കാണ് ഇതിനകം ധനസഹായം വിതരണം ചെയ്തത്. സംസ്ഥാന ദുരന്ത നിവാരണ നിധി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി എന്നിവയിൽ നിന്നായി 12 പേർക്ക് 72 ലക്ഷം രൂപയും ധനസഹായം നൽകി. മൃതദേഹങ്ങളുടെ സംസ്കാര ചടങ്ങുകൾക്കായി 10,000 രൂപ വീതം 124 പേർക്കായി അനുവദിച്ചു. ദുരന്തത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിലുള്ള 34 പേരിൽ രേഖകൾ ഹാജരാക്കിയവർക്ക് ധനസഹായം നൽകാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

RNU TVPM

***********************************

## പ്രത്യേക അദാലത്ത്-വയനാട്

വിദ്യാഭ്യാസ വകുപ്പ് ഉത്തരമേഖല ഫയൽ അദാലത്തിനോടനുബന്ധിച്ച് ദുരന്തം വേട്ടയാടിയ വയനാടിനായി പ്രത്യേക അദാലത്ത് സംഘടിപ്പിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. വെള്ളാർമല ജി.വി.എച്ച്.എസ്.എസിലെ 552 കുട്ടികൾ, ജി.എൽ.പി. എസ് മുണ്ടക്കൈയിലെ 62 കുട്ടികൾ എന്നിവർക്കുള്ള സൗകര്യങ്ങൾ ജി.എച്ച്.എസ്.എസ് മേപ്പാടിയിലും മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള എ.പി.ജെ ഹാളിലും ഒരുക്കുന്നതിന് നടപടിയായി. പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട 296 കുട്ടികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

യൂണിഫോം ആവശ്യമായ 282 കുട്ടികൾക്കുള്ള യൂണിഫോം തയ്ച്ച് നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചു.

************************************

## അർജുൻ റാം മേഘ് വാൾ

പൗര കേന്ദ്രീകൃതവും, സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടപ്പാക്കുന്ന ആധുനിക നീതിന്യായ വ്യവസ്ഥയുമാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് കേന്ദ്ര സഹമന്ത്രി അർജുൻ റാം മേഘ്വാൾ. കേരള ഹൈക്കോടതിയിൽ ആർബിട്രേഷൻ സെൻററിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു കേന്ദ്ര മന്ത്രി. ജനങ്ങൾക്ക് നീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള ക്രിമിനൽ നിയമങ്ങൾ റദ്ദാക്കിയത്. ജനങ്ങൾക്ക് ഉപകാരപ്പെടുന്ന വിധത്തിൽ സങ്കീർണമായ 1,562 നിയമങ്ങൾ റദ്ദാക്കി. അതിവേഗവും കാര്യക്ഷമവും ആയ നീതി നിർവഹണ വ്യവസ്ഥയ്ക്ക് രൂപം നൽകുന്നതിന് ആണ് സർക്കാർ പരിശ്രമിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആർബിട്രേഷൻ സെൻററിൻറെ വെബ്സൈറ്റ് ഉദ്ഘാടനവും ചടങ്ങിൽ നടന്നു.

************************************

## തിരുവനന്തപുരം-IMA സമരം

കൊൽക്കത്തയിലെ യുവ ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് സംസ്ഥാനത്ത് ഐ എം എ യുടെ നേതൃത്വത്തിൽ ഡോക്ടർമാരുടെ സമരം തുടരുന്നു. ഡോക്ടർമാർ ഒ പി ഡ്യൂട്ടി ബഹിഷ്കരിച്ചാണ് സമരം ചെയ്യുന്നത്. സമരത്തെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലും ജനറൽ ആശുപത്രിയിലും രോഗികൾ ബുദ്ധിമുട്ടിലായി. ഒ പി യിലും നേരത്തെ

PNU TVPM

നിശ്ചയിച്ചിരുന്ന ശസ്ത്രക്രിയകൾക്കും മതിയായ ഡോക്ടർമാർ ഇല്ലാത്തതാണ് പ്രതിസന്ധി സൃഷ്ടിച്ചത്. എന്നാൽ അത്യാഹിത വിഭാഗങ്ങളിലെ സേവനം തുടരുന്നുണ്ട്. അതേ സമയം രാവിലെ മെഡിക്കൽ കോളേജിൽ നടന്ന പ്രതിഷേധ സമരം ഐ എം എ സംസ്ഥാന പ്രസിഡൻറ് ഡോക്ടർ ജോസഫ് ബെനവൻ ഉദ്ഘാടനം ചെയ്തു. ഇന്ന് രാവിലെ 6 മണിക്ക് തുടങ്ങിയ സമരം നാളെ രാവിലെ 6 മണി വരെ തുടരും.

************************************

## ആരോഗ്യ പ്രവർത്തകർ- കമ്മിറ്റി

ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കാൻ സാധ്യമായ എല്ലാം ചെയ്യുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഇതിനായി നിർദേശങ്ങൾ സമർപ്പിക്കാൻ കമ്മിറ്റി രൂപീകരിക്കുമെന്നും മന്ത്രാലയം അറിയിച്ചു. സംസ്ഥാന സർക്കാരുകൾ ഉൾപ്പെടെ എല്ലാവരിൽ നിന്നും മന്ത്രാലയം നിർദേശങ്ങൾ ക്ഷണിക്കും. ഫെഡറേഷൻ ഓഫ് റസിഡൻറ് ഡോക്ടേഴ്സ് അസോസിയേഷൻ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ തുടങ്ങിയ സംഘടനകളുടെ പ്രതിനിധികളുമായി മന്ത്രാലയം ചർച്ച നടത്തി. പൊതു താൽപര്യം കണക്കിലെടുത്ത് ജോലിയിൽ പ്രവേശിക്കണമെന്നും മന്ത്രാലയം നിർദേശിച്ചു.

************************************

## ഹേമാ കമ്മിറ്റി റിപ്പോർട്ട്

ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടേണ്ടത് സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറാണെന്നും ഇതിൽ സർക്കാരിനോ സാംസ്കാരിക വകുപ്പിനോ പങ്കില്ലെന്ന് മന്ത്രി സജി ചെറിയാൻ. റിപ്പോർട്ട് പുറത്തുവരണമെന്ന് തന്നെയാണ് സർക്കാർ ആവശ്യം. കോടതി പറയുന്നത് സർക്കാർ

RNI TVPM

അനുസരിക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കോടതി അനുവദിച്ച സമയത്തിനുള്ളിൽ റിപ്പോർട്ട് പുറത്ത് വിടാത്തപക്ഷം കോടതിയിൽ ചോദ്യം ചെയ്യാമെന്നും സജി ചെറിയാൻ ആലപ്പുഴയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. അതേസമയം റിപ്പോർട്ട് പുറത്ത് വന്നാൽ വിനാശകരമാകുമെന്ന് തോന്നുന്നില്ലെന്ന് നടനും എം.എൽ.എ. യുമായ എം. മുകേഷ് അഭിപ്രായപ്പെട്ടു.

**************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" ഈ ബുള്ളറ്റിനു ശേഷം കേൾക്കാവുന്നതാണ്.

**************************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 113 ആം പതിപ്പാണിത്. പരിപാടിയിലേക്കുള്ള പൊതുജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നമോ ആപ്പിലൂടെയോ MyGov ഓപ്പൺ ഫോറം വഴിയോ ഈ മാസം 23 വരെ അറിയിക്കാവുന്നതാണ്.

**************************************

PNU TVPM

**ഇടുക്കി - ഇൻട്രോ**

സമഗ്രശിക്ഷാ ഇടുക്കിയുടെ നേതൃത്വത്തിൽ തൊടുപുഴ, കരിമണ്ണൂർ ബി.ആർ.സി കളിൽ ഡയപ്പർ ബാങ്കുകൾ പ്രവർത്തനം ആരംഭിച്ചു. ചലന പരിമിതിയുള്ള കുട്ടികൾക്ക് പിന്തുണാ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായാണ് നടപടി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയ്സ്)

****************************************

**കാബ്കോ - പി പ്രസാദ്**

RNUTVPM

ദ്വിതീയ കാർഷിക മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചെങ്കിൽ മാത്രമേ കർഷകൻറെ വരുമാനത്തിൽ വലിയ വർദ്ധനവ് ഉണ്ടാക്കിയെടുക്കാൻ സാധിക്കൂവെന്ന് മന്ത്രി പി പ്രസാദ്. കാബ്കോ എക്സ്പോ സെൻ്റർ & അഗ്രി പാർക്ക് ശിലാസ്ഥാപനവും നിർമ്മാണോദ്ഘാടനവും തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. കർഷകൻറെ വരുമാനം വർധിച്ചെങ്കിൽ മാത്രമേ കാലാവസ്ഥാ മാറ്റം, വന്യ ജീവികൾ കാരണമുള്ള കൃഷിനാശം എന്നിവ അതിജീവിക്കാൻ സാധിക്കൂ എന്നും അദ്ദേഹം പറഞ്ഞു.

****************************************

**കെ എൻ ബാലഗോപാൽ**

കാരുണ്യ ബെനവലൻ്റ് ഫണ്ട് സ്കീമിന് 57 കോടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.

പദ്ധതി ഗുണഭോക്താക്കൾക്ക് നൽകിയ സൗജന്യ ചികിത്സയ്ക്ക് സർക്കാർ- എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ എന്നിവയ്ക്ക് ചികിത്സാ ചെലവ് മടക്കിനൽകാൻ തുക വിനിയോഗിക്കും. 44.81 കോടി രൂപ സർക്കാർ ആശുപത്രികൾക്ക് ലഭിക്കും. 11.78 കോടി സ്വകാര്യ ആശുപത്രികൾക്കായി വകയിരുത്തിയതായും അദ്ദേഹം പറഞ്ഞു.

*************************************

## മഴ -ജാഗ്രത

അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ച് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശൂർ, പാലക്കാട്, കോഴിക്കോട്. ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കടലാക്രമണം ശക്തമാകാൻ സാധ്യതയുള്ളതിനാൽ തീരവാസികൾ ജാഗ്രത പാലിക്കേണ്ടതാണ്. കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിനും വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

PRNU TVPM

*************************************

## ശബരിമല ഭസ്മകുളം

ശബരിമലയിലെ ഭസ്മകുളം പുതിയ സ്ഥലത്തേക്ക് മാറ്റുന്നതിനായുള്ള സ്ഥാനനിർണ്ണയം നാളെ രാവിലെ 7.30ന് നടക്കും. വാസ്തുശാസ്ത്ര വിജ്ഞാന കേന്ദ്രം അദ്ധ്യക്ഷൻ കെ. മുരളീധരനാണ് സ്ഥാന നിർണ്ണയം നടത്തുക.

*******************************************************

*************************************

**********************